(ഡി) അംഗൻവാടി കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരം യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പഞ്ചായത്ത് മെമ്പർ/ഡിവിഷൻ മെമ്പർ അദ്ധ്യക്ഷനായുള്ള ഒരു വെൽഫെയർ കമ്മിറ്റി എല്ലാ അംഗൻവാടി കേന്ദ്രങ്ങളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പുതിയ അംഗൻവാടികൾ

115 [485] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2001 വരെ എത്ര അംഗൻവാടികൾ നിലവിലുണ്ടായിരുന്നുവെന്നും 2001 മുതൽ പുതുതായി എത്രയെണ്ണം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി കാസർഗോഡ് ജില്ലയിൽ അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ഇവ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 2001 വരെ 610 കേന്ദ്രങ്ങൾ നിലവിലുണ്ടായിരുന്നു. 2001-നു ശേഷം 387 അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുന്നതിന് ജില്ലയിലെ ശിശുവികസന പദ്ധതി ആഫീസർമാരിൽ നിന്നും സാമൂഹ്യക്ഷേമ ഡയറക്ടർക്ക് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ഓണറേറിയം

116 [486] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന ഓണറേറിയം നിശ്ചയിച്ചത് എന്നുമുതലാണെന്നും, അത് കൊടുത്തു തുടങ്ങിയത് എന്നുമുതലാണെന്നും വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഓണറേറിയം വർദ്ധിപ്പിക്കുവാൻ നിശ്ചയിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി എന്തെങ്കിലും വർദ്ധനവ് പ്രഖ്യാപിച്ചിരുന്നോ; ഇതു സംബന്ധിച്ച് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) ഇപ്പോൾ അംഗൻവാടി വർക്കർക്കും, ഹെൽപ്പർക്കും മാസത്തിൽ കൊടുത്തുവരുന്ന ഓണറേറിയം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12-3-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം 1-4-2002 മുതൽ പ്രാബല്യത്തോടെ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly